# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5029     28.10.2016 ൽ മറുപടിയ്ക്ക്**

**വീട്ടുകളിൽ പച്ചക്കറി കൃഷി നടത്തുന്നതിന് പദ്ധതി**

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കേരളത്തിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരന്റെയും വീട്ടുകളിൽ വിഷരഹിത പച്ചക്കറികൃഷി നടത്തുന്നതിന്റെ ഭാഗമായി നിലവിൽ കൃഷിവകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇവർക്ക് ഗുണമേന്മയുള്ള പച്ചക്കറിവിത്തുകളും ജൈവ കീടനാശിനികളും മറ്റും ലഭ്യമാക്കാൻ എന്തെല്ലാം സഹായ സഹകരണങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | എ) യും ബി) യും | സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ വീട്ടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ 10 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾക്കും, 10 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീട്ടമ്മമാർക്കും സൗജന്യമായി നൽകി വരുന്നു. ഇതിനായി പദ്ധതിയിൻ കീഴിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി, പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെ യ്യൽ, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'ഹരിതനഗരി' എന്നീ പദ്ധതികൾ വി.എഫ്.പി.സി.കെ വഴിയും നടപ്പിലാക്കി വരുന്നു. |
| സി) കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖാന്തിരം കേരളത്തിലുടനീളം ഗുണമേന്മയുള്ള പച്ചക്കറിവിത്തുകളും ജൈവ കീടനാശിനികളും കർഷകർക്ക് നേരിട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | വാർത്താ മാധ്യമങ്ങളുടെ സഹകരണത്തോടെ 4.8 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, സന്നദ്ധ സംഘടനകൾ മുഖേന 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും ഇതിനോടകം വിതരണം നടത്തുകയും, ടി പദ്ധതി തുടർന്ന് വരുകയുമാണ്. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ എന്നിവ എല്ലാ കൃഷിഭവനുകളിലൂടെയും വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, അഗ്രോ ബസാറുകൾ എന്നിവ വഴിയും വിതരണം ചെയ്യുന്നുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**